(ബി) ഇല്ല.

(സി) 2005 ഡിസംബർ മാസം.

(ഡി) 81 കോടി രൂപ.

സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം

45 [3217] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സീ പോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം സംബന്ധിച്ച ഭൂമി ഏറ്റെടുക്കൽ നടപടി താഴെപറയുംപ്രകാരം നടന്നുവരുന്നു:

നെടുമ്പാശ്ശേരി, ചെങ്ങമനാട്, ചൊവ്വര, ആലുവ ഈസ്റ്റ്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത് തിരുവാങ്കുളം എന്നി വില്ലേജുകളിലായി 198.3752 ഹെക്ടർ സ്ഥലം പൊന്നുംവിലക്കെടുത്തു നൽകുന്നതിനുവേണ്ടി 24-5-2001-ൽ എറണാകുളം ഡിസ്ട്രിക്ട് കളക്ടർക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്. ആയതിൽ നെടുമ്പാശ്ശേരി, ചെങ്ങമനാട്, ചൊവ്വര, എന്നീ വില്ലേജിൽപ്പെട്ട സ്ഥലത്തിന്റെ ഡി. ഡി. പ്രസിദ്ധീകരിച്ചു. ആലുവ ഈസ്റ്റ് വില്ലേജിന്റെ ഡി. ഡി. പൊന്നുംവില തഹസീൽദാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മറ്റ് വില്ലേജുകളുടെ 4 (1) നോട്ടിഫിക്കേഷൻ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നു.

നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിൽനിന്നും ദേശീയപാത 47-ലേക്കുള്ള റോഡ് നിർമ്മാണം

46 [3218] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിൽനിന്നും ദേശീയപാത 47-ൽ കളമശ്ശേരിയിൽ വന്നു ചേരുന്ന റോഡ് നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly